# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 476 — 12.06.2012-ലെ മറുപടിയ്ക്ക്

## സഹകരണ മേഖലയിലെ അഴിമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.കെ. ബഷീർ | | ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി) |
| (എ) | സഹരണ മേഖലയിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; മുൻ സർക്കാരിന്റെ കാലത്തെ അഴിമതി സംബന്ധിച്ച അന്വേഷണത്തെത്തുടർന്ന് എത്ര കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തു; | (എ) | 1. സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിൽ, അഴിമതി ആരോപിച്ച് ലഭിയ്ക്കുന്ന പരാതികളിൽ അന്വേഷണം നടത്തി, മേൽ നടപടികൾ ശുപാർശ ചെയ്യുന്നതിനും, ലഭിച്ച പരാതികളിൽ അന്വേഷണം നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും ജോയിന്റ് രജിസ്ട്രാർ (ജനറൽ) ചെയർമാനായി ഒരു ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും, സഹകരണ സംഘം അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്) ചെയർമാനായി സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും രൂപീകരിക്കുകയും, ലഭിച്ച റിപ്പോർട്ടുകളിൻമേൽ തുടർനടപടികൾ സ്വീകരിക്കുകയും ശുപാർശ ചെയ്യുകയും ചെയ്യുന്നു.<br>2. സഹകരണ വകുപ്പ് തലത്തിൽ സംഘങ്ങളിൽ മിന്നൽ പരിശോധനയും, വിശദ പരിശോധനയും നടന്നു വരികയും, ടി പരിശോധനാ വേളകളിലും, ആഡിറ്റു പരിശോധനാ വേളകളിലും കണ്ടെത്തുന്ന ന്യൂനതകൾ, ക്രമക്കേടുകൾ എന്നിവയിൽ വിശദമായ തുടർപരിശോധനകൾ നടത്തുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ക്രിമിനൽ നടപടിയടക്കമുള്ള മേൽ നടപടികൾ ഉത്തരവാദികൾക്കെതിരെ സ്വീകരിച്ചു വരികയും ചെയ്യുന്നു. മാത്രമല്ല, ക്രമക്കേടിൽ |

ഭരണസമിതിയാണ് ഉത്തരവാദിയെന്ന് കണ്ടെത്തുന്നവയിൽ ഭരണസമിതിയ്ക്കെതിരെ കേരള സഹകരണ നിയമവും, ചട്ടങ്ങളും അനുശാസിക്കുന്ന നടപടികളും സ്വീകരിയ്ക്കുന്നു.

3. സഹകരണ സംഘം രജിസ്ട്രാറുടെ കീഴിൽ പോലീസ് വകുപ്പിൽ നിന്നും ഡി.ഐ.ജി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ സഹകരണ വിജിലൻസ് ആഫീസറായി നിയമിച്ചുകൊണ്ട് സഹകരണ വിജിലൻസ് വിഭാഗവും രൂപീകരിച്ചിട്ടുണ്ട്. ടിയാന്റെ കീഴിൽ ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ ഓരോ ഡി.വൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ മേഖലാ ആഫീസുകളും പ്രവർത്തിക്കുന്നു.

4. ഇതിനു പുറമേ, ബാങ്കിംഗ് റെഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, വകുപ്പ്തല ആഫീസുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്തുന്നതിന് ഒരു ഇൻസ്പെക്ഷൻ സെൽ സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും ആകുന്നു.

5. സഹകരണ ബാങ്കുകളിലെ അഴിമതി തടയുന്നതിനും, ഇത്തരം പരാതികൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനുമായി സഹകരണ ബാങ്കിംഗ് ഓംബുഡ്സ്മാനും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെ അഴിമതി തടയുന്നതിന്റെ ഭാഗമായി സഹകരണ നിയമത്തിൽ കർശനമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭേദഗതി നിയമം ഇപ്പോൾ നിലവിൽ വന്നിട്ടുണ്ട്.
മുൻ സർക്കാരിന്റെ കാലത്തെ അഴിമതി സംബന്ധിച്ച അന്വേഷണത്തെത്തുടർന്ന് 220 കേസുകൾ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | സഹകരണ സംഘങ്ങളുടെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| (സി) സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനു ശേഷം എത്ര പരാതികൾ വിജിലൻസിന് ലഭിച്ചു. ആയതിൽ എത്ര എണ്ണത്തിന് തീർപ്പു കൽപ്പിച്ചു എന്ന് വ്യക്തമാക്കുമോ ? | (സി) സഹകരണ വിജിലൻസ് വിഭാഗം രൂപീകരിച്ചതിനു ശേഷം 31.3.2012 വരെ 222 പരാതികൾ സഹകരണ വിജിലൻസ് ആഫീസർക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുള്ളതും, നാളിതുവരെ 107 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, റിപ്പോർട്ടിലെ ശുപാർശകളിന്മേൽ മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ